ppabdullatheef@gmail.com



പി.പി അബ്ദുല്ലത്വീഫ്

# നഷ്ടപ്പെട്ടുപോകുന്ന ഇസ്‌ലാമിക അധ്യാപനങ്ങൾ

عَن أبي أمامة الباهلي انَّ رَسُولَ اللّهِ ﷺ قَالَ: لَيُنْقَضَنَّ عُرَا الإسْلامِ عُرْوَةً عُرْوَةً. فَكُلَّمَا انْتَقَضَتْ عُرْوَةٌ تَشَبَّثَ النَّاسُ بِالَّتِي تَلِيهَا. وَأَوَّلُهُنَّ نَقْضاً الحُكْم ؛وَآخِرُهُنَّ الصّلاة

(أخرجه ابن حبان في كتاب التاريخ باب (١٠) حديث رقم ٦٧١٥ وفي مسند أحمد ٥/٢٥١ وفي المعجم الكبير الطبراني رقم ٧٤٨٦)

അബൂ ഉമാമത്തുൽ ബാഹിലി(റ)യിൽ നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: "ഇസ്‌ലാമിന്റെ ഇഴകൾ ഓരോന്നായി മുറിഞ്ഞുപോകും, ഓരോ ഇഴ നഷ്ടപ്പെടുമ്പോഴും ജനങ്ങൾ അവശേഷിക്കുന്നതിൽ പിടിച്ചുതൂങ്ങും. അതിൽ ആദ്യമായി മുറിഞ്ഞുപോവുക ഭരണമായിരിക്കും; അവസാനത്തേത് നമസ്കാരവും" (ഇമാം അഹ്മദ് മുസ്നദിലും ത്വബ്റാനി മുഅ്ജമിൽ കബീറിലും ഇബ്നു ഹിബ്ബാൻ തന്റെ സ്വഹീഹിലും റിപ്പോർട്ട് ചെയ്തത്).

നബി(സ) ഈ വചനത്തിൽ ഇസ്‌ലാമിനെ നിരവധി ഇഴകളുള്ള ഒരു കയറിനോട് ഉപമിച്ചിരിക്കുകയാണ്. കയറിന്റെ ഓരോ നൂലും ഇസ്‌ലാമിന്റെ, പാലിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും ചെയ്യേണ്ട ഓരോ അധ്യാപനങ്ങളാണ്. ഇസ്‌ലാമിൽ നിന്ന് അറ്റുപോകുന്ന ആദ്യത്തെ ഇഴ ഭരണവ്യവസ്ഥയും അവസാനത്തേത് നമസ്കാരവുമായിരിക്കും. നമസ്കാരവും കൂടി നഷ്ടപ്പെടുന്നതോടെ ഇസ്‌ലാമുമായുള്ള വ്യക്തിയുടെയും സമൂഹത്തിന്റെയും അവസാനത്തെ ബന്ധവും അറ്റുപോവുന്നു. പിന്നീട് അവർക്ക് ഇസ്‌ലാമിനോട് ചേർത്തുപറയാൻ പറ്റുന്ന വല്ല ബന്ധവും അവശേഷിക്കുന്നുണ്ടെന്ന് അവകാശപ്പെടാൻ കഴിയുകയില്ല. ഇസ്‌ലാമിക സമൂഹം തങ്ങളുടെ ജീവിത നിയോഗം ഏറ്റെടുത്ത് ഇഴകൾ പിരിയഴിഞ്ഞുപോകാതെ ഇസ്‌ലാമിനെ കാത്തുസൂക്ഷിക്കേണ്ടവരാണ്. എന്നാൽ, അഴിഞ്ഞുപോയ ഇഴകളെക്കുറിച്ച് വേവലാതിപ്പെടാതെയും പുനഃസ്ഥാപിക്കാൻ ശ്രമിക്കാതെയും ബാക്കിയുള്ള ഇസ്‌ലാമിന്റെ ഇഴകളിൽ കടിച്ചുതൂങ്ങുന്നവരായി അവർ മാറും. ബാഹ്യശക്തികളുടെ ഇടപെടൽ കൊണ്ടോ നിരുത്തരവാദിത്തം കൊണ്ടോ ആഭ്യന്തര ജീർണതകൊണ്ടോ ഇങ്ങനെ ഓരോ ഇഴയും അഴിഞ്ഞുകൊണ്ടിരിക്കുമ്പോഴും സമുദായം ബാക്കിയുള്ളതിൽ പിടിച്ചുതൂങ്ങി ലഭ്യമായ ഇസ്‌ലാമിൽ സായൂജ്യമടയും.

ശൈഖ് ഇബ്നു ബാസ് ഈ ഹദീസിനെ ഇങ്ങനെ വിശദീകരിക്കുന്നു: "ഇസ്‌ലാമിനെക്കുറിച്ചുള്ള അപരിചിതത്വം വർധിക്കുമ്പോഴെല്ലാം അതിനോട് വിയോജിക്കുന്നവർ വർധിക്കും." റസൂൽ പറഞ്ഞു: "ഇസ്‌ലാം അപരിചിതമായി ആരംഭിച്ചു, ആരംഭത്തിലെ അപരിചിതത്വത്തിലേക്കത് മടങ്ങുക തന്നെ ചെയ്യും, അതിനാൽ അപരിചിതർക്ക് ഭാവുകങ്ങൾ!"

ഹദീസിൽ 'ഹുകും' എന്നതുകൊണ്ടുദ്ദേശിക്കുന്നത് അല്ലാഹുവിന്റെ ശരീഅത്തിലധിഷ്ഠിതമായ ഭരണമാണ്. ഇസ്‌ലാമിലേക്ക് ചേർത്തു പറയപ്പെടുന്ന രാജ്യങ്ങളിൽ വരെ ഇന്നത് നഷ്ടപ്പെട്ടിരിക്കുന്നു. അല്ലാഹുവിന്റെ ശരീഅത്തനുസരിച്ച് ജീവിതത്തിലെ സകല കാര്യത്തിലും വിധി നടപ്പാക്കുകയെന്നത് വിശ്വാസി സമൂഹത്തിന്റെ നിർബന്ധ ബാധ്യതയാണ്.

ഇഴമുറിയുന്ന കണ്ണിയിൽ അവസാനത്തേത് നമസ്കാരമാകുന്നു എന്നത്, അത് ഉപേക്ഷിക്കുന്നവരുടെയും അതിൽ അലംഭാവം കാണിക്കുന്നവരുടെയും ആധിക്യത്തെയാണ് ഉദ്ദേശിക്കുന്നത്.

നബി(സ) പറഞ്ഞു: "നമുക്കും അവർക്കും ഇടയിലുള്ള ഉടമ്പടി നമസ്കാരമാണ്. ആരെങ്കിലും അത് ഉപേക്ഷിച്ചാൽ അവൻ സത്യനിഷേധിയായി" (അഹ്മദ്).

നിലവിലെ മുസ്‌ലിം സമൂഹത്തിലേക്ക് നോക്കിയാൽ, നബി(സ) മുൻകൂട്ടി പ്രവചിച്ച പോലെ, പിരികൾ അഴിഞ്ഞ് തീർന്നുകൊണ്ടിരിക്കുന്ന ഇസ്‌ലാമുമായാണ് മുസ്‌ലിം ജനത ജീവിക്കുന്നതെന്ന് നമുക്ക് കാണാം. ഇസ്‌ലാമെന്ന പാശത്തിൽ നിന്ന് അറ്റുപോയ പിരികളെക്കുറിച്ച് ഇസ്‌ലാമിക സമൂഹം ബോധവാന്മാരല്ല. അറ്റുപോയ പിരികളെ ചേർത്തുപിടിക്കുന്നതിനു പകരം ഹദീസിൽ പറഞ്ഞതുപോലെ ശേഷിക്കുന്ന പിരിയിൽ സമുദായം പിടിച്ചുതൂങ്ങിയിരിക്കുകയാണ്. ഇസ്‌ലാമിനെ ഖുർആനിലൂടെയും പ്രവാചകാധ്യാപനങ്ങളിലൂടെയും മുഴുവനായും വായിക്കാനും പഠിക്കാനും തയാറാകുന്നില്ലെങ്കിൽ സംഭവിക്കാൻ പോകുന്നത് ഇസ്‌ലാമിന്റെ അവസാനത്തെ ഇഴയായ നമസ്കാരവും അറ്റ് ഇസ്‌ലാമുമായി ബന്ധമില്ലാതെ പോകുമെന്നതാണ്. ഇത്തരമൊരു സാമൂഹിക സാഹചര്യത്തിൽ ഇസ്‌ലാമിനെ പഠിക്കുകയും ഉൾക്കൊള്ളുകയും ചെയ്യാൻ ശ്രമിക്കുന്നവർക്ക്, ഇഴകൾ അറ്റുപോയ ഇസ്‌ലാമാണ് തന്റെ മുന്നിലുള്ളതെന്നോ അറ്റുപോയ ഇഴകൾ ഇസ്‌ലാമിന്റേതായിരുന്നുവെന്നോ തിരിച്ചറിയാൻ കഴിയാതെ പോകുന്നു. അങ്ങനെ ഇസ്‌ലാമിന്റെ സൗന്ദര്യം പൂർണമായി മനസ്സിലാക്കാനാകാതെ ദൈവിക പാതയിൽ നിന്ന് മാറിനിൽക്കാൻ അവരെ പ്രേരിപ്പിക്കുമെന്നത് വിഷയത്തിന്റെ ഗൗരവമുള്ള മറ്റൊരു തലമാണ്. ■